റബ്ബർ ഉല്പാദനവും വിലയും

149 (3354) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയുള്ള റബ്ബർ ഉൽപാദനത്തെയും റബ്ബറിന് കർഷകർക്കു ലഭ്യമാകുന്ന വിലയെയും സംബന്ധിച്ച വിശദാംശങ്ങൾ എല്ലാ വർഷവും ഡിസംബർ മാസം ഒന്നാം തീയതിയെ അടിസ്ഥാനപ്പെടുത്തി ലഭ്യമാക്കാമോ;

(ബി) റബ്ബർ കർഷകരുടെ രക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്നും, ഇതിനായി എത്ര തുക നീക്കിവച്ചെന്നും, ഇതിൽ പ്രതിവർഷം എത്ര തുക വീതം ചെലവഴിച്ചെന്നും വിശദമാക്കാമോ?

ഉത്തരം

(എ) റബ്ബർ ഉല്പാദനം സംബന്ധിച്ച കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

വർഷം	റബ്ബർ ഉല്പാദനം (ടൺ)
2010-11	770580
2011-12	798940
2012-13	800050
2013-14	648220
2014-15	507700

റബ്ബറിന് കർഷകർക്ക് ലഭ്യമാകുന്ന വില ഡിസംബർ മാസം ഒന്നാം തീയതിയെ അടിസ്ഥാനപ്പെടുത്തിയുള്ളത് ചുവടെ ചേർക്കുന്നു:

തീയതി, വർഷം	റബ്ബർ വില കിലോയ്ക്ക് RSS - 4	RSS - 5
1-12-2011	198.00	194.00
1-12-2012	166.00	162.00
2-12-2013	153.50	143.50
1-12-2014	117.00	112.50
1-12-2015	106.00	104.50

LIBRARY ARCHIVES Kerala Legislative Assembly

(ബി) റബ്ബറിന്റെ വിലയിടിവിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനായി 25-02-2014 -ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 56/2014/കൃഷി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ്ഫെഡിനും കൈകാര്യച്ചെലവിനായി 4 കോടി രൂപ 2013-14-ൽ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.

2014-15-ൽ റബ്ബർ സംഭരണത്തിനായി സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർമാർക്കനും ആകെ 12 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 10-12-2015 വരെ 46.30 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

റബ്ബർ കർഷകർക്കായുള്ള വിലസ്ഥിരതാ ഫണ്ട്

150 (3355) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി രൂപം നൽകിയ വില സ്ഥിരതാഫണ്ട് പ്രകാരം ഒരു കിലോഗ്രാം റബ്ബറിന് എത്ര രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്;

(ബി) നാളിതുവരെ എത്ര തുകയുടെ ആനുകൂല്യം കർഷകർക്ക് നൽകിയിട്ടുണ്ട്;

(സി) പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി രൂപം നൽകിയ വില സ്ഥിരതാഫണ്ട് (റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം) പ്രകാരം ഒരു കിലോ റബ്ബറിന് 150 രൂപയാണ് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 10-12-2015 വരെ 46.30 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് നേരിട്ട് ലഭ്യമാക്കിയിട്ടുണ്ട്.

(സി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly